# മണ്ണ് കടത്താൻ പുതിയരീതികൾ - രണ്ട് ടിപ്പർ ലോറികൾ എടത്തല പോലീസ് പിടികൂടി.

എറണാകുളം റൂറൽ ജില്ലയിലെ എടത്തല പോലീസ് സ്റ്റേഷൻ പരിധിയിൽ ചൂണ്ടി ജംഗ്ഷൻ ഭാഗത്ത് വാഹനപരിശോധനക്കിടെ അനധികൃതമായി മണ്ണ് കടത്തുകയായിരുന്ന രണ്ട് ടിപ്പർ ലോറികൾ എടത്തല പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ നോബിൾ.പി.ജെ യും സംഘവും പിടികൂടി.

പോലീസിനെ കബളിപ്പിക്കുവാനായി മണ്ണിനു മുകളിൽ മെറ്റൽപൊടി നിറച്ചാണ് മണ്ണ് കടത്താൻ ശ്രമിച്ചത്. പട്ടിമറ്റം ഭാഗത്തുനിന്നാണ് മണ്ണ് കടത്തികൊണ്ടു വന്നത്. വാഹനങ്ങളുടെ ഡ്രൈവർമാരായ ഈസ്റ്റ് ചെമ്പറക്കി കല്ലേലിമൂല ഭാഗത്ത് പാറപ്പുറം വീട്ടിൽ മുഹമ്മദ് ആരിഫ്ഖാൻ(26), കൂവപ്പടി കോടനാട് ഭാഗത്ത് മുണ്ടക്കാട്ട് വീട്ടിൽ പ്രേംകുമാർ(54) എന്നിവരെയും പിടികൂടി.

മണ്ണും, ലോറികളും എടത്തല പോലീസ് സ്റ്റേഷനിലേക്ക് മാറ്റി കേസ്സ് രജിസ്റ്റർ ചെയ്ത് കൂടുതൽ അന്വേഷണം നടത്തി വരുന്നു.

റൂറൽ ജില്ലയിൽ നിയമവിരുദ്ധമായി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് പിടികൂടുന്നതിനായി വ്യാപക റെയ്ഡുകൾ നടത്തി കർശന നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ്.ഐ.പി.എസ് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.